കവർ സ്റ്റോറി

**ജോർജിയ ആൻ ബെന്നി**
8547512101

# ട്രാൻസ്ജെൻഡറെ കുടുംബവും സമൂഹവും മാറ്റി നിറുത്തരുതേ

*സെന്റ് തെരേസാസ് കോളേജിൽ സോഷ്യോളജി അദ്ധ്യാപികയായ ജോർജിയ ആൻ ബെന്നിയും കുട്ടികളുമെത്തിയത് അവർ കണ്ടും സംസാരിച്ചും അറിഞ്ഞ ട്രാൻസ്ജെൻഡേഴ്സിനുള്ള പിന്തുണയുമായാണ്. മൂല്യശ്രുതി മാഗസിൻ നടത്തിയ 'ട്രാൻസ്ജെൻഡേഴ്സിന്റെ ജീവിത'മെന്ന ചർച്ചയിൽ ട്രാൻസ്ജെൻഡർമാരായ ശ്രീകുട്ടി, ഫൈസൽ, തൃപ്തി, ആയുഷ് എന്നിവരും പങ്കെടുത്തു.*

ട്രാൻസ്ജെൻഡർ എന്നു കേൾക്കുമ്പോൾ തന്നെ ദൂരെ നിന്നുള്ള കാഴ്ചയിൽ നിന്നും അഭിപ്രായങ്ങൾ പറയുകയും പ്രതികരിക്കുകയും ചെയ്യുന്നവരാണ് നമ്മിൽ പലരും. അല്ലെങ്കിൽ മുൻവിധികൾ മനസ്സിൽ വച്ചുകൊണ്ട് അവരിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുകയാണ് സമൂഹത്തിലെ തൊണ്ണൂറ്റി ഒൻപതു ശതമാനം പേരും ചെയ്യുന്നത്. 2016-ൽ സോഷ്യോളജി അദ്ധ്യാപികയായി ജോലി ചെയ്തു തുടങ്ങിയപ്പോൾ ഒരു ഡിഗ്രി പ്രോജക്റ്റിന് ട്രാൻസ്ജെൻഡേഴ്സ് എന്ന വിഷയവുമായി കുട്ടികൾ എന്റെയരുകിൽ വന്നു. മുൻപുപറഞ്ഞ മുൻവിധികൾ മനസ്സിലുണ്ടായിരുന്നതിനാലാവണം ഞാൻ കുട്ടികളോട് ചോദിച്ചു, എന്തു ചിന്തിച്ചിട്ടാണ് നിങ്ങൾ ഈ വിഷയം എടുത്തതെന്ന്.

കുട്ടികൾ പറഞ്ഞു, ''ഞങ്ങൾക്കവരെ അറിയാം''. ഞാൻ അപ്പോൾ അവരോട് പറഞ്ഞു, ''ഞാനാദ്യം അവരെയൊന്നു കാണട്ടെ; എന്റെ സംശയങ്ങൾക്ക് വ്യക്തത വന്നിട്ട് നിങ്ങൾ പ്രോജക്റ്റുമായി മുന്നോട്ട് പോയാൽ മതി''.

അങ്ങനെ ജീവിതത്തിൽ ആദ്യമായി ട്രാൻസ്ജെൻഡേഴ്സ് എന്ന ഒരു വിഭാഗത്തെ ഞാൻ കണ്ടു. കണ്ട ഏതാനും നിമിഷങ്ങൾക്കുള്ളിൽ തന്നെ അവരെക്കു



**ശീതൾ**
**സോഷ്യോളജി വിദ്യാർത്ഥിനി**

**ഞാൻ** ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ചറിയുന്നത് സോഷ്യോളജി മെയിൻ സബ്ജക്ടായി എടുത്തതുകൊണ്ടാണ്. ഒരു ദിവസം ഓട്ടോ കാത്തുനിന്നപ്പോൾ എനിക്കു പോകേണ്ട റൂട്ടിലേക്കുതന്നെ പോകാൻ ഒരു ട്രാൻസ്ജെൻഡറും നിൽക്കുന്നുണ്ടായിരുന്നു. ഓട്ടോക്കാരൻ വണ്ടിയിൽ കയറാൻ കൂട്ടാക്കാതിരുന്നപ്പോൾ ഞാൻ ചോദിച്ചു 'ഒന്നു കയറ്റിക്കൂടെ എന്ന്' നീ മിണ്ടരുത് എന്നുപറഞ്ഞ് അയാൾ എന്റെ നേരെയും ശബ്ദമുയർത്തി.



റിച്ച് എനിക്ക് മുൻപുണ്ടായിരുന്ന ധാരണകളെല്ലാം പാടേ മാറിമറിഞ്ഞു. ആദ്യം ഞാനവരോട് ചോദിച്ചത്, "എന്റെ വീട്ടിലേയ്ക്കൊന്നു വരുമോ"യെന്നാണ്. അക്കാദമിക് കാര്യങ്ങളോ, പഠനമോ ഒന്നും ആ സമയം എന്റെ മനസ്സിലുണ്ടായിരുന്നില്ല. ജാസ്മിനെയാണ് ഞാനാദ്യം കാണുന്നത്. ജാസ്മിൻ, തൃപ്തി, അമൃത, നീന, സന്ധ്യ എന്നീ അഞ്ചുപേർ എന്റെ വീട്ടിൽ വന്നു. അന്നു മുതൽ ഞാനവരുമായുള്ള സൗഹൃദം തുടർന്നു കൊണ്ടുപോകുന്നു.

കേരളത്തിലെ, പ്രത്യേകിച്ച് കൊച്ചിയിലെ ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ച് പഠനം നടത്തണമെന്ന് തീക്ഷ്ണമായ ആഗ്രഹം എനിക്കുണ്ടായിരുന്നു. അതുപ്രകാരം അവരിൽ നിന്നും 55 പേരെ തിരഞ്ഞെടുത്ത് 2016-17 ൽ പഠനം നടത്തി. മറ്റുള്ളവർ പറയുന്നതുപോലെ ഭിന്നലിംഗക്കാരെന്നോ മൂന്നാം ലിംഗക്കാരെന്നോ ട്രാൻസ്ജെൻഡേഴ്സ് എന്നോ പോലും ഇവരെ വിളിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അവർ നമ്മുടെയൊരു സഹോദരൻ അല്ലെങ്കിൽ സഹോദരിയാണ്. ഞാൻ അവർക്കുവേണ്ടി പ്രവർത്തിക്കാൻ ഇറങ്ങുമ്പോൾ എന്റെ സഹപ്രവർത്തകർ ചോദിച്ചത്, 'നിനക്കതിന്റെ ആവശ്യമുണ്ടോ, നിനക്കൊരു ജോലിയുണ്ടല്ലോ' എന്നാണ്. എനിക്കു തോന്നുന്നു അക്കാദമിക് തലത്തിൽ കുറച്ചുകൂടി എളുപ്പത്തിൽ ബോധവത്കരണം നടത്താൻ നമുക്കു കഴിയും.

ട്രാൻസ്ജെൻഡേഴ്സിനു വേണ്ടി ആരോടെങ്കിലും സഹായം ചോദിച്ചാൽ എത്തിക്കൽ ഇഷ്യുസിനെ കുറിച്ചാണ് എല്ലാവരും ആദ്യം പറയുക. കാരണം ഉത്തരേന്ത്യൻ ഹിജഡ സംസ്കാരത്തിന്റെ ഒരു ചിത്രമാണ് എല്ലാവരുടെയും മനസ്സിലുള്ളത്. എന്നാൽ ഉത്തരേന്ത്യൻ ഹിജഡകൾ അവരെങ്ങനെ അങ്ങനെയായി എന്നു ചോദിച്ചാൽ കുറ്റക്കാർ പൊതുസമൂഹം തന്നെയാണ്. വീട്ടിൽ നിന്നും പുറത്താക്കപ്പെട്ട അവർക്ക് ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളില്ല. ആരും ജോലി നൽകില്ല. ഭിക്ഷാടനവും സെക്സ്‌വർക്കും അവരുടെ തൊഴിലാക്കി മാറ്റിയത് സമൂഹം തന്നെയാണ്.

ട്രാൻസ്ജെൻഡേഴ്സിനോളം ഇത്രയധികം ട്രാൻസ്പെരന്റായി നിൽക്കുന്ന മനുഷ്യരെ ഞാൻ വേറെങ്ങും കണ്ടിട്ടില്ല. ട്രാൻസ്ജെൻഡേഴ്സുമായി അടുത്തിടപഴകിയതുകൊണ്ടാണ് എനിക്ക് ആ തിരിച്ചറിവുണ്ടായത്. എന്നാൽ പൊതുസമൂഹത്തിലേയ്ക്ക് ആ തിരിച്ചറിവ് സാധ്യമാകുന്നില്ല.

മുൻപറഞ്ഞ പോലെ കൊച്ചിയിലെ 55 ട്രാൻസ്ജെൻഡേഴ്സിനെ എടുത്തിട്ടാണ് പഠിക്കുന്നത്. സാമൂഹികവും സാംസ്കാരികവുമായ അവരുടെ ഇടത്തെ കുറിച്ചുള്ള അന്വേഷണമായിരുന്നു ഞാൻ നടത്തിയത്. അവരുടെ സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലം, ജോലി, മതം, ബന്ധങ്ങൾ ഇവയെല്ലാം പഠനവിധേയമാക്കി.

അതോടൊപ്പം അവരുടെ സാമൂഹികവും ശാരീരികവും മാനസികവുമായ പ്രശ്നങ്ങളെ കുറിച്ചും അൻപത്തിയഞ്ചു പേരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് പഠി



**കൃഷ്ണജ**
**സോഷ്യോളജി വിദ്യാർത്ഥിനി**

എന്റെ വീട്ടിൽ ഒരിക്കലും ട്രാൻസ്ജെൻഡേഴ്സ് ഒരു തെറ്റാണെന്ന് പറഞ്ഞ് പഠിപ്പിച്ചിട്ടില്ല. ശിവനും പാർവതിയും ഒന്നിച്ചിരിക്കുന്നത് ഐശ്വര്യമാണെന്നാണ് പറഞ്ഞു പഠിപ്പിച്ചിരുന്നത്. അതുകൊണ്ടുതന്നെ ട്രാൻസ്ജെൻഡേഴ്സിനെ ഭയത്തോടെയോ സംശയത്തോടെയോ നോക്കിക്കാണാൻ എനിക്കിടവന്നിട്ടില്ല.



ക്കുകയുണ്ടായി. അവരുടെ കുടും ബപശ്ചാത്തലവും 2015-ലെ ട്രാൻസ്ജെൻഡർ പോളിസി അവർക്ക് എത്രത്തോളം ഗുണകര മാകുന്നുണ്ടെന്നും ഞാൻ തിരക്കി. പഠനത്തിനായി തിരഞ്ഞെടുത്ത 55 പേരും മെയിൽ ടു ഫീമെയിൽ ആയിരുന്നു. എല്ലാവരും 25-35 പ്രായക്കാർ. അതിനർത്ഥം കേരള ത്തിൽ യുവജനങ്ങളാണ് ട്രാൻസ്ജെൻഡേഴ്സായി സ്വയം വെളിപ്പെടുത്തി പുറത്തുവന്നിട്ടു ള്ളത് എന്നാണ്.

വിദ്യാഭ്യാസത്തിന്റെ കാര്യ ത്തിൽ 63% പേരും എട്ടാം ക്ലാസ് അല്ലെങ്കിൽ ഒൻപതാം ക്ലാസ്സോടു കൂടി പഠനം നിർത്തിയവരാണ്. അവരോട് വിദ്യാഭ്യാസത്തെ കുറിച്ച് ചോദിച്ചാൽ എല്ലാവരും തന്നെ ഉയർന്ന ആഗ്രഹങ്ങൾ ഉള്ളവരാ യാണ് കാണുന്നത്. ഡോക്ടർ, എൻജിനീയർ, പൈലറ്റ്, ഐ.പി. എസ് ഓഫീസർ ഇങ്ങനെയുള്ള ജോലികളിലേയ്ക്കാണ് എല്ലാ വർക്കും താൽപര്യം. ചെറിയ ജോലികൊണ്ട് തങ്ങൾ എന്തിന് തൃപ്തിപ്പെടണം എന്ന ചിന്താഗതി യാണ് എല്ലാവർക്കും. അവർക്കു മുന്നിൽ ഒറ്റപ്രശ്നമേയുള്ളു; വിദ്യാ ഭ്യാസ സ്ഥാപനങ്ങളിൽ അവർക്ക് ലഭിക്കാതിരിക്കുന്ന ഇടം. തേവര സേക്രഡ് ഹാർട്ട് കോളേജിൽ



**ഫൈസൽ**
ട്രാൻസ്ജെൻഡർ ആക്റ്റിവിസ്റ്റ്

മതം നമ്മെ എങ്ങനെ കാണുന്നു? ഹിന്ദു ദൈവങ്ങളെ
കണ്ടിട്ടില്ലേ, അർദ്ധനാരീശ്വര സങ്കല്പമുള്ള ആ മത
ത്തിൽ പോലും നമ്മെ ഉൾക്കൊള്ളാൻ പറ്റുന്നില്ല. സദാ
ചാരപോലീസുകളിച്ച് ഏറ്റവും കൂടുതൽ ആക്രമിക്കുന്നത്
മതത്തിന്റെ ആളുകളാണ്. ഒരു പെൺകുട്ടി പുറത്തേ
യ്ക്കിറങ്ങുമ്പോൾ ഏറ്റവും കൂടുതൽ പ്രഹരം കൊടുക്കു
ന്നത് ഈ പറയുന്ന മതസംഘടനകളാണ്.

ട്രാൻസ്ജെൻഡേഴ്സിന്റെ കാര്യത്തിൽ മാത്രമല്ല
അവർ ശീലിച്ചുവന്ന സദാചാര കാഴ്ചപ്പാടിൽ നിന്നു
വ്യത്യസ്തമായി ആരൊക്കെ എന്തൊക്കെ ചെയ്താലും
അവരെയെല്ലാം അവർ ആക്രമിക്കും. ചാവക്കാടുപോലെ
യുള്ള കടപ്പുറം മേഖലയിൽ നിന്നു വരുന്ന ഞാൻ ഒരു
പാട് കഷ്ടപ്പെട്ടിട്ടുണ്ട്. 2004-ൽ കൈരളി ചാനലിൽ
ജോൺ ബ്രിട്ടാസുമായുള്ള ഒരു പ്രോഗ്രാമിലാണ് ഞാൻ
ട്രാൻസ്ജെൻഡർ ആണെന്ന് ആദ്യമായി പറയുന്നത്.
അതിനുശേഷം എൽ.ഡി.എഫുകാരായ പിള്ളേർ വരെ
എന്നെ വച്ചേക്കില്ല എന്ന രീതിയിൽ സംസാരിച്ചു.

ആദ്യം എന്നെ മനസ്സിലാക്കേണ്ടത് എന്റെ കുടുംബ
മായിരുന്നു. എന്റെ അനിയന്മാരൊക്കെ എന്നെ ഒരുപാട്
ഉപദ്രവിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് എനിക്കൊരു പനി
വന്നാൽ പോലും ഏറ്റവും കൂടുതൽ സങ്കടപ്പെടുന്നത്
അവരാണ്. കാരണം ഞാൻ നാടുവിട്ടോ വീടുവിട്ടോ
പോകാൻ നിന്നില്ല. അവിടെ നിന്നു യുദ്ധം ചെയ്തു.
അവരെ ബോധവത്കരിക്കാൻ ഞാൻ മറ്റുള്ളിടത്തു
പോയി വിവരങ്ങൾ ശേഖരിച്ചു. ഇന്ന് ഇത്തരത്തിൽ
എന്തെങ്കിലും ഒരാവശ്യം വന്നാൽ ഫൈസു എന്താണ്
നമ്മൾ ചെയ്യേണ്ടതെന്ന് ആളുകൾ എന്നോട് ചോദിക്കും.

പെരിന്തൽമണ്ണയിൽ ഒരു പ്രോഗ്രാമിനു ചെന്ന്
സംസാരിച്ചു കഴിഞ്ഞപ്പോൾ ഒരുപാടുപേർ വന്ന് എന്നെ
കെട്ടിപ്പിടിച്ചു കരഞ്ഞു. എന്താ സംഭവം എന്നുവച്ചാൽ
ഒരു കാലഘട്ടത്തിൽ തന്റെ സ്വത്വം ഇതാണെന്ന് വെളി
പ്പെടുത്താൻ പറ്റാത്ത ആളുകൾ ആണായി അഭിന
യിച്ചുനിന്നുകൊണ്ട് വിവാഹം കഴിക്കുകയും കുട്ടികളു
ണ്ടാവുകയും ചെയ്തിട്ടുണ്ട്. ഒരു സ്ത്രീയുടേയും കുട്ടിക
ളുടേയും കൂടെ ജീവിക്കുമ്പോൾ പോലും, ഒരു ദിവസം
ഞങ്ങൾക്കൊപ്പം സാരിയുടുത്തിറങ്ങാൻ അവസരം ലഭിച്ച
പ്പോൾ അവരനുഭവിച്ച സന്തോഷമാണ് കണ്ണീരായി മാറി
യത്.

**ലക്ഷ്മി**
സോഷ്യോളജി വിദ്യാർത്ഥിനി

പന്ത്രണ്ടാം ക്ലാസുവരെ ബയോ ളജി പഠിക്കുമ്പോൾ പോലും ഞങ്ങളെയാരും ട്രാൻസ്ജെൻഡേഴ്സിനെ കുറിച്ചു പഠിപ്പിച്ചിരുന്നില്ല. പഠി പ്പിക്കുന്ന ടീച്ചേഴ്സിനും അറിയി ല്ല. വിദ്യാഭ്യാസത്തിൽ മാറ്റം കൊണ്ടുവന്നാലേ ഇത്തരം കാര്യങ്ങളിൽ മാറ്റമുണ്ടാകൂ.



ട്രാൻസ്ജെൻഡറിന് ഒരു സീറ്റ് മാറ്റി വച്ചിട്ടുണ്ടെങ്കിലും ഡിഗ്രിക്കു പഠിക്കാൻ യോഗ്യതയുള്ള ട്രാൻസ്ജെൻഡേഴ്സ് ഉണ്ടാവുന്നത് വളരെ കുറവാണെന്നുള്ളതു കൊണ്ട് ആ സീറ്റ് ഒഴിഞ്ഞുതന്നെ കിടക്കുന്നു. ഇനി വരുന്ന നാളുകളിൽ സാക്ഷരതാമിഷന്റെയൊക്കെ പ്രവർത്തനങ്ങൾ കൊണ്ട് ഈ പ്രതിസന്ധിക്ക് മാറ്റമുണ്ടാകും എന്ന് പ്രതീക്ഷിക്കാം.

93% ട്രാൻസ്ജെൻഡേഴ്സും സ്കൂളിൽ നിന്നും വീട്ടിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ചെറുപ്രായത്തിൽ ലൈംഗികചൂഷണത്തിന് വിധേയരായിട്ടുണ്ടെന്ന് തുറന്നു പറഞ്ഞു. കുടുംബ സുഹൃത്തുക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നുമാണ് ഇത്തരം ചൂഷണം കൂടുതലുണ്ടായിട്ടുള്ളതെന്നാണ് അവർ പറയുന്നത്. പെൺകുട്ടിയുടെ പെരുമാറ്റ രീതികൾ ഇവരിൽ കണ്ടു തുടങ്ങുമ്പോൾ ഈ ചൂഷണം ആരംഭിക്കുന്നു. സമൂഹത്തിനു മുന്നിൽ ആൺകുട്ടിയായി നിൽക്കുന്ന ഇവരെ ചൂഷണത്തിനു വിധേയരാക്കാൻ എളുപ്പമാണ്.

87% പേരും അവിവാഹിതരാണ്. ഒരേ സെക്സിനെ കല്യാണം കഴിക്കുന്നതുപോലയേ ആവൂ. എന്നാൽ ഇവരിൽ ട്രാൻസ്വുമണായിട്ടുള്ളവരിൽ ചിലർക്ക് മെയിലായിട്ടുള്ളയാളെ കല്യാണം കഴിക്കാൻ താൽപര്യമുണ്ട്. ട്രാൻസ്വുമണിനെ തന്നെ കല്യാണം കഴിക്കാൻ താൽപര്യമുള്ളവരും ട്രാൻസ്മെന്നിനെ കല്യാണം കഴിക്കാൻ താൽപര്യമുള്ളവരും ട്രാൻസ്ജെൻഡേഴ്സിനിടയിൽ ഉണ്ട്. ചുരുക്കത്തിൽ സമ്മിശ്രമായ ലൈംഗിക ഇഷ്ടങ്ങളാണ് ഇവരിൽ കാണുന്നത്. എനിക്കാരോടാണോ എന്താണോ തോന്നുന്നത് അതാണെന്റെ ലൈംഗിക കാഴ്ചപ്പാട്. അവിടെയാണ് ട്രാൻസ്ജെൻഡേഴ്സ് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ആരോടാണോ ഇഷ്ടം തോന്നുന്നത് അവരെ കല്യാണം കഴിക്കണം.

പഠനത്തിന് തിരഞ്ഞെടുത്തവരിൽ കൂടുതൽ പേരും ഹിന്ദു സമുദായത്തിൽ നിന്നുള്ളവരായിരുന്നു. മുസ്ലീം സമുദായത്തിൽ നിന്നും കുറേപ്പേർ ഇപ്പോൾ പുറത്തേയ്ക്ക് വരുന്നുണ്ടെന്ന് പറയുന്നു. ഒരു ട്രാൻസ്ജെൻഡറെ പള്ളിയിൽ കയറ്റുക എന്ന മനഃസ്ഥിതി നമുക്കില്ല. അതുകൊണ്ട് ഇവരാരും തന്നെ പള്ളിയിലോ മോസ്കിലോ പോകാറില്ല. അമ്പലത്തിൽ കയറിയിറങ്ങിപ്പോരുന്നവരുണ്ട്. പള്ളിയിൽ കയറിയാൽ എവിടെ ഇവർ നിൽക്കും; പുരുഷന്മാരുടെ വശത്തു നിൽക്കുമോ, സ്ത്രീകളുടെ വശത്തുനിൽക്കുമോ!

ട്രാൻസ്ജെൻഡേഴ്സ് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം താമസിക്കാൻ അവർക്ക് വീടില്ല എന്നുള്ളതാണ്. പഠനത്തിനു തിരഞ്ഞെടുത്തവരിൽ 61% പേർക്കും വീടില്ല. മിക്കവരും ലോഡ്ജുകളിൽ താമസിക്കുന്നു. 34% സ്വന്തം വീടുകളിലും 5% പേർ തെരുവുകളിലുമാണ് താമസിക്കുന്നത്. ആർക്കും തന്നെ കുടുംബത്തിൽ നിന്നും അവകാശം ലഭിക്കുന്നില്ല. ഞാൻ ഇങ്ങനെയായതു



**ആയുഷ്**
ട്രാൻസ്മെൻ

2015-ലെ പോളിസിക്കു മുൻപു തന്നെ ഞാൻ ട്രാൻസ്മെന്നായി പുറത്തിറങ്ങി. ഒരു പുരുഷനായി ജീവിക്കാൻ പറ്റുന്നതിൽ ഞാൻ സന്തോഷവാനാണ്. കുടുംബത്തിൽ നിന്ന് എനിക്കു വലിയ പിന്തുണ ലഭിച്ചു. ഞാൻ വിചാരിച്ചു ഈ ലോകത്ത് ഞാൻ മാത്രമെ ഇങ്ങനെയുണ്ടാവൂ. അതുകൊണ്ട് പഠനവും വീട്ടുകാര്യങ്ങൾ നോക്കലുമെല്ലാം മുന്നോട്ടു കൊണ്ടുപോകുമ്പോഴും സിംഗിളായി ജീവിക്കാം എന്ന് ഞാൻ തീരുമാനിച്ചു. പിന്നീടാണ് എന്നെപ്പോലെ പലരുമുണ്ട് എന്ന് ഞാനറിയുകയും അവരിലേയ്ക്കെത്തുകയും സർജറി ചെയ്ത് എന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കാൻ കഴിയുമെന്നു മനസ്സിലാവുകയും ചെയ്തത്. സർജറി ചെയ്ത് പൂർണമായി മാറാൻ അമ്മയാണ് കൂടുതലും സപ്പോർട്ട് ചെയ്തത്. ചേച്ചിയും ചേച്ചിയുടെ വീട്ടുകാരുമെല്ലാം എന്നെ ആൺകുട്ടിയായി തന്നെ കണ്ടു. ഐഡന്റിറ്റി മെയിലിലേയ്ക്ക് ചെയ്ഞ്ച് ചെയ്തു.

ഇപ്പോഴും വീടുകളിൽ കല്യാണം കഴിക്കാതെ നിൽക്കുന്ന, സ്ത്രീവേഷത്തിൽ തന്നെ നിൽക്കുന്ന ആളുകളുണ്ട്. പുരുഷവേഷമിടാനാഗ്രഹിച്ച് അതിനു വേണ്ടി മാത്രം പോലീസിൽ ചേർന്ന ട്രാൻസ്മെൻസ് ഇവിടെയുണ്ട്.

നമ്മുടെ സമൂഹം പുരുഷമേധാവിത്വമുള്ള സമൂഹമായതുകൊണ്ടുതന്നെ ഒരു പുരുഷൻ സ്ത്രീയായി മാറുന്നത് അംഗീകരിക്കാൻ സമൂഹത്തിന് ബുദ്ധിമുട്ടാണ്. എന്നാൽ ഒരു സ്ത്രീ പുരുഷനാകുന്നത് അംഗീകരിക്കാൻ സമുഹത്തിന് വിഷമം കാണുന്നില്ല. എന്റെ ഓഫീസിലൊക്കെ എല്ലാവർക്കും വലിയ സ്നേഹമാണ്. ആളുകളുടെ മനഃസ്ഥിതിയിൽ മാറ്റം വരാതെ മറ്റെന്തു പോളിസി വന്നിട്ടും കാര്യമില്ല.



**തൃപ്തി**
**ആർട്ടിസാൻ ഐഡികാർഡ് നേടിയ കേരളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ**

സമൂഹം അംഗീകരിക്കുമ്പോഴും പോലീസിന്റെ ഭാഗ ത്തുനിന്നുള്ള പ്രശ്നങ്ങൾ ഏറെയാണ്. ഞങ്ങൾ ഇരു ട്ടത്തു ജീവിക്കാനാഗ്രഹിക്കുന്നു എന്നാണ് അവർ പറ യുന്നത്. എന്നാൽ ഞങ്ങൾ വെളിച്ചത്തു നടക്കാൻ ആഗ്രഹിക്കുന്നവരാണ്. ഇത്രയധികം ക്ലാസുകൾ കൊടുത്തിട്ടും അവർക്ക് മാറ്റമില്ല. കേരളത്തിൽ ട്രാൻസ്ജെൻഡർ എന്നുപറയുമ്പോൾ എല്ലാവരു ടേയും മനസ്സിൽ കിടക്കുന്നത് നോർത്തിന്ത്യൻ ഹിജ ഡകളുടെ ചിത്രമാണ്. എന്നാൽ കേരളത്തിലെ ട്രാൻസ്ജെൻഡർ അതല്ല. ഇവിടെയുള്ള ട്രാൻസ്ജെൻഡേഴ്സ് സമാധാനപ്രിയരാണ്. കാരണം കേരളത്തിലെ സ്ത്രീകൾ അങ്ങനെയാണ്. ഞങ്ങൾ കേരളത്തിലെ സ്ത്രീകളാണ്. കേരളത്തിലെ സ്ത്രീക ളുടെ വസ്ത്രധാരണവും സംസ്കാരവുമനുസരി ച്ചാണ് ഞങ്ങൾ ജീവിക്കുന്നത്.

ട്രാൻസ്ജെൻഡറാണെന്നു പറഞ്ഞു കഴിഞ്ഞാൽ പിന്നെ ആളുകൾക്ക് നൂറു സംശയങ്ങളാണ്. കഴിഞ്ഞ മാസം എന്റെ ഒരു എക്സിബിഷൻ നടത്തിയപ്പോൾ ആളുകൾ ചോദിച്ചത് എവിടെ പോയിട്ടാണ് ആണു പെണ്ണായത് എന്നാണ്? പിന്നെയൊരു ചോദ്യം നിങ്ങൾ പൂർണമായും ട്രാൻസ്ജെൻഡറായോ എന്നും. ആളുകളുടെ വിചാരം സർജറി ചെയ്താലെ ട്രാൻസ്ജെൻഡറാകൂ എന്നാണ്.

കൊണ്ട് നിങ്ങൾക്കു പ്രശ്നമാണെ ങ്കിൽ അതുണ്ടാവാതിരിക്കാൻ എനിക്കുള്ള അവകാശം മുഴുവൻ എടുത്തോളൂ എന്നു പറഞ്ഞ് വീട്ടിൽ നിന്നും ഇറങ്ങി പോരുന്നവ രാണ് അധികവും. കുടുംബത്തിനു നാണക്കേടായതുകൊണ്ടും സഹോ ദരങ്ങളുടെ ഭാവിയുമോർത്താണ് മിക്കവരും വീട് വിടുന്നത്.

2016-17 ൽ ഞാൻ ഈ പഠനം നടത്തുമ്പോൾ ട്രാൻസ്ജെൻഡേ ഴ്സിൽ 71% പേരും ലൈംഗിക തൊഴിലാളികൾ ആയിരുന്നു. ഇപ്പോൾ അതിൽ മാറ്റങ്ങൾ വന്നിട്ടു ണ്ട്. 21% പേർ സ്വകാര്യസ്ഥാപന ത്തിൽ ജോലി ചെയ്യുന്നവരും 8% പേർ സ്വയം തൊഴിൽ കണ്ടെത്തിയ വരുമായിരുന്നു. പലരും ലൈംഗിക തൊഴിലിൽ നിന്നും പുറത്തുവരാൻ ആഗ്രഹിക്കുന്നവരാണെങ്കിലും പണത്തിന്റെ അത്യാവശ്യം മൂലം ഈ തൊഴിൽ ചെയ്യാൻ നിർബന്ധി തരാകുന്നവരാണ്. ഇവിടെ നമ്മൾ നിരീക്ഷിക്കേണ്ട പ്രധാനകാര്യം

**സന**
**ആക്ടിവിസ്റ്റ്**

തിരുവനന്തപുരത്ത് ട്രാൻസ്ജെൻഡേഴ്സ് ഭയം കൂടാതെ നടക്കുന്നത് അവർ തന്നെ സമരങ്ങളിലൂടെ നേടി യെടുത്ത അവകാശമാണ്. അല്ലാതെ അതൊരിക്കലും പോലീസിന്റെ ക്വാളിറ്റിയല്ല. ഞാൻ ട്രാൻസ്ജെൻഡറാ ണെന്നു പറഞ്ഞു പുറത്തുവ രുന്ന ഓരോരുത്തരും അവരുടെ ജീവിതം കൊണ്ട് ഫൈറ്റ് ചെയ്യുകയാണ്. ട്രാൻസ്ജെൻഡേഴ്സിന് സമൂഹ ത്തിലേയ്ക്ക് ഇറങ്ങി വന്ന് അവ രുടെ പ്രശ്നങ്ങൾ പറയാൻ അവസരങ്ങൾ കിട്ടിത്തുടങ്ങി. അവരെ കേൾക്കാൻ തയ്യാറാകു ന്നുണ്ടെങ്കിലും പൊതുസമൂഹ ത്തിൽ നിന്നാരും തന്നെ അവ രുടെ പ്രശ്നങ്ങളിലേയ്ക്കിറങ്ങി വന്ന് സഹായഹസ്തം നീട്ടാൻ തയ്യാറാവുന്നില്ല.

ട്രാൻസ്മെന്നിന്റെ കാര്യം പറഞ്ഞാൽ അവർ ട്രാൻസ്മെ ന്നാണെന്ന് തിരിച്ചറിയുമ്പോൾ പ്രശ്നം തന്നെയാണ്. ട്രാൻസ്വുമണിനെ ആളുകൾ പെട്ടെന്ന് തിരിച്ചറിയും. ആ ഒരു പ്രശ്നം ട്രാൻസ്മെന്നിനില്ല. ട്രാൻസ്വുമണാണെന്ന് വിളിച്ചു പറയുന്ന ഒരു പെണ്ണിന് എവി ടെയാണ് സുരക്ഷ. ട്രാൻസ്വുമൺസ് എത്രത്തോള മുണ്ടോ അത്രത്തോളം ട്രാൻസ്മെൻസും കേരളത്തിലു ണ്ട്.

നമ്മളെത്ര ബോധവത്ക രണം നടത്തിയാലും ആളുകൾ വന്നിരുന്നു കേട്ടു പോകുന്നു എന്നല്ലാതെ വലിയ മാറ്റങ്ങ ളൊന്നും സംഭവിക്കുന്നില്ല.





**ഇഷാൻ**
ട്രാൻസ്മെൻ

ഞാനൊരു മുസ്ലീം സമുദായത്തിൽ നിന്നു വന്നയാളാണ്. കുടുംബത്തിൽ ഒരുപാടു പ്രശ്നങ്ങളെ എനിക്കു നേരിടേണ്ടി വന്നു. ഒരു പെൺകുട്ടിക്ക് വീടിനു പുറത്തേയ്ക്കുവരാൻ അത്ര എളുപ്പമല്ല. അതുകൊണ്ടാണ് വീട്ടിൽ പെൺകുട്ടിയായി നിൽക്കുന്ന ട്രാൻസ്മെൻസിന് പുറത്തേയ്ക്ക് വരാൻ ബുദ്ധിമുട്ടുവരുന്നത്. പുറത്തുവന്നശേഷം അമ്മയുടെ സപ്പോർട്ട് ഉണ്ടായി. ഇപ്പോൾ ഞാൻ ഹാപ്പിയാണ്. ബോഡി ചെയ്ഞ്ചു ചെയ്തതുകൊണ്ട് സമൂഹത്തിൽ ഇറങ്ങി നടക്കാൻ ബുദ്ധിമുട്ടില്ല.

ഇവരുടെ ഉപഭോക്താക്കൾ എന്നു പറയുന്നത് ഹോമോസെക്ഷ്വൽ ആയിട്ടുള്ളവരാണ്. നമ്മുടെ സമൂഹത്തിൽ ഹോമോസെക്ഷ്വലുകളുടെ എണ്ണം പെരുകുന്നത് ട്രാൻസ്ജെൻഡേഴ്സിന്റെ ലൈംഗികത്തൊഴിലിനൊപ്പം തന്നെയോ അതിനേക്കാൾ ഗൗരവത്തോടെയോ കാണേണ്ടിയിരിക്കുന്നു. ഹോട്ടൽ ജോലി, സ്റ്റിച്ചിങ്, മെയ്ക്കപ്പ് ആർട്ടിസ്റ്റ്, മീഡിയ ഇവന്റ്സ്, ഡാൻസ് ഇവയൊക്കെയാണ് മിക്കവരും തിരഞ്ഞെടുക്കുന്ന സ്വയം തൊഴിലുകൾ. നോർത്ത് റെയിൽവേ സ്റ്റേഷനിൽ ഭിക്ഷാടനം നടത്തി ജീവിക്കുന്നവരും ഉണ്ടെന്നാണറിയാൻ കഴിഞ്ഞത്. ബാങ്ക് അക്കൗണ്ട് തുടങ്ങാൻ കഴിയാത്തതിനാൽ സമ്പാദ്യമൊന്നും മിക്കവർക്കും ഇല്ല. കൂടുതൽ പൈസ വേണമെന്നു തോന്നുമ്പോൾ മറ്റുള്ള ട്രാൻജെൻഡേഴ്സ് സുഹൃത്തുക്കളെയാണ് അവർ ആശ്രയിക്കുന്നത്.

ഉള്ളിൽ ആണിന്റെ മനോധൈര്യവും പെണ്ണിന്റെ സ്നേഹം, കരുണ എന്നീ ഗുണങ്ങളും ഇവരിൽ ഒരുപോലെയുണ്ട്. അതുകൊണ്ട് തങ്ങൾക്ക് ശക്തി കൂടുതലാണെന്നാണ് ഇവർ പറയുന്നത്. ഇത് ശരിക്കും സാമൂഹിക, മാനസിക, ശാരീരിക പ്രശ്നമാണ്.

പൊതുസ്ഥലങ്ങളിൽ യാത്ര ചെയ്യാൻ ബുദ്ധിമുട്ടുകൾ നേരിടുന്നു. പബ്ലിക് ടോയ്‌ലറ്റ് ഉപയോഗിക്കാനാണ് അവർ ഏറ്റവും കഷ്ടപ്പെടുന്നത്. ഏതിൽ കയറണമെന്ന കൺഫ്യൂഷൻ. ചിലർ വെറുതെ തലയ്ക്കിട്ടടിച്ചിട്ടു പോവുക, ബ്ലെയ്ഡ് കൊണ്ട് വരയുക ഇങ്ങനെയുള്ള ഉപദ്രവങ്ങൾ ചെയ്യുന്നു. ഒരപകടവുമായി സ്വകാര്യ ആശുപത്രിയിലെത്തിയാൽ ഫോമിൽ എന്താണെഴുതേണ്ടതെന്നറിയില്ല എന്ന കാരണം പറഞ്ഞ് ചികിത്സ കിട്ടുന്നില്ല. ഹോസ്പിറ്റലിലെ ഡോക്ടർമാർക്കുപോലും ട്രാൻസ്ജെൻഡറും സെക്ഷ്വലും തമ്മിലുള്ള വ്യത്യാസം അറിയില്ല. അതുപോലെ തന്നെ രാത്രി പതിനൊന്നു കഴിഞ്ഞാൽ പുറത്തിറങ്ങാൻ പാടില്ല എന്ന പോലീസിന്റെ ഉത്തരവും പോലീസിന്റെ ഭാഗത്തുനിന്നുള്ള മർദ്ദനങ്ങളും. എൻ.ജി.ഒകളെ ആശ്രയിക്കുന്നില്ല കൂടുതൽ പേരും. പകരം അവരുടെ കമ്മ്യൂണിറ്റിയിൽ തന്നെ നിന്നുകൊണ്ടാണ് കാര്യങ്ങൾ നടത്തുന്നത്.

55 പേരിൽ രണ്ടു പേർ തങ്ങൾ എച്ച്.ഐ.വി പോസിറ്റീവാണെന്ന് തുറന്നു പറഞ്ഞു. ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യുന്നവർ 5% മാത്രമാണ്. കാരണം ചെലവ് അവർക്ക് താങ്ങാൻ കഴിയില്ല. ചിലർക്ക് ശസ്ത്രക്രിയ ചെയ്യാൻ താൽപര്യമില്ല. പെണ്ണിന്റെ രൂപത്തിലേയ്ക്ക് പോകണമെന്ന് താൽപര്യമില്ല. ശസ്ത്രക്രിയ ചെയ്താലും ഒരു കുഞ്ഞിനെ പ്രസവിക്കാനൊന്നും ആവില്ലല്ലോ. ശസ്ത്രക്രിയ ചെയ്താലും തുടർചികിത്സകളുടെ ബുദ്ധിമുട്ടുകളും അവരെ പിന്നോട്ട് വലിക്കുന്നുണ്ട്.

പഠനം നടത്തിയവരിൽ 91% പേരുടേയും മാതാപിതാക്കൾ വിദ്യാഭ്യാസമില്ലാത്തവരും 71% ജോലിയില്ലാത്തവരുമാണ്. മാതാപിതാക്കൾക്ക് വിദ്യാഭ്യാസവും ബോധവത്കരണവും ഇല്ലാത്തതിന്റെ പ്രശ്നമാണ്.

മറ്റു രാജ്യങ്ങളിൽ സാധാരണക്കാരെപ്പോലെ ട്രാൻസ്ജെൻഡറുകൾ തൊഴിലെടുത്തു ജീവിക്കുന്നത് അവർക്ക് കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ലഭിക്കുന്ന അംഗീകാരം കൊണ്ടാണ്. കുടുംബം ഉൾക്കൊള്ളുമ്പോൾ തന്നെ ഇവരുടെ കല്യാണത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കേണ്ടി വരുമ്പോഴാണ് കുടുംബാംഗങ്ങൾ പെട്ടുപോകുന്നത്.

പഠനം നടത്തുമ്പോൾ പലപ്പോഴും ഞാൻ ആലോചിച്ചു പോയിട്ടുണ്ട്, ഇവർ ഇത്രമാത്രം ഇങ്ങനെ സഹിച്ച് ജീവിക്കേണ്ടതുണ്ടോ എന്ന്. പക്ഷേ നമ്മൾ ചിന്തിക്കുന്നതിനപ്പുറമുള്ള തീക്ഷ്ണതയാണ് അവരിലുള്ളത്. ഒരുപക്ഷേ വെറുമൊരു സ്ത്രീയായി ജീവിക്കുന്നതിനേക്കാൾ ഗർഭിണിയാകാനും കുഞ്ഞിനെ താലോലിക്കാനും പാലുകൊടുക്കാനും അവർക്ക് തീക്ഷ്ണമായ ആഗ്രഹമുണ്ടാകുന്നു. സാധാരണ സ്ത്രീകളേക്കാൾ ഒരുപടി കൂടി മുന്നോട്ടു സ്ത്രീത്വം ഉള്ളവരാണ് ഞാൻ കണ്ടവരെല്ലാം. അവരുടെ വസ്ത്രധാരണം തന്നെ നോക്കൂ. പെർഫെക്റ്റ് സ്റ്റിച്ചിങ്, മെയ്ക്കപ്പ്, കളർഫുള്ളായ വസ്ത്രങ്ങൾ, മുല്ലപ്പൂ.... ട്രാൻസ്ജെൻഡേഴ്സിന്റെ അവകാശങ്ങൾക്കു വേണ്ടി മാത്രമല്ല സ്ത്രീകളുടെ പ്രശ്നങ്ങളിലും അതീവ തീക്ഷ്ണതയോടെ ഇവർ ഇടപെടുന്നതു കാണാൻ കഴിഞ്ഞു. വുമൺ ആക്ടിവിസ്റ്റുകൾ എന്നുതന്നെ ഇവരെ വിശേഷിപ്പിക്കാം.